ജില്ലാ മെരിറ്റ് സ്കോളർഷിപ്പ് 2012-13

2012 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് സംസ്ഥാന സിലബസിൽ പഠിച്ച് എല്ലാ വിഷയത്തിനും എ+ ഗ്രേഡ് നേടി വിജയിച്ച് എച്ച്.എസ്.സി/+2/ഐ.ടി.ഐ/പോളിടെക്നിക്/ വി. എച്ച്. എസ്. ഇ കോഴ്സുകളിലേതിലെങ്കിലും തുടർന്ന് പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ജില്ലാ മെരിറ്റ് സ്കോളർഷിപ്പിന് ഓൺലൈൻ വഴി അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷകൾ കോളേജ് വിദ്യാഭ്യാസവകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ www.dcescholarship.kerala.gov.in-ൽ District Merit Schloarship(DMS) എന്ന ലിങ്കിൽ ക്ളിക് ചെയ്ത് ഓൺലൈൻ ആയി സമർപ്പിക്കാം. മാമ്പൽ അപേക്ഷകൾ പരിഗണിക്കില്ല. എച്ച്.എസ്.സി/+2/ഐ.ടി.ഐ/പോളിടെക്നിക്/ വി.എച്ച്.എസ്.ഇ കോഴ്സിന് പഠിക്കുന്നവർക്ക് പ്രതിവർഷം 1250 രൂപ സ്കോളർഷിപ്പ് തുകയായി ലഭിക്കുന്നതാണ്. തുടർവിദ്യാഭ്യാസത്തിൽ 50% മാർക്കോടെ പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് ഏഴ് വർഷം വരെ സ്കോളർഷിപ്പ് പുതുക്കാവുന്നതാണ്. അപേക്ഷകർക്ക് സ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (എസ്.ബി.റ്റി), സ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ(എസ്.ബി.ഐ), സൌത്ത് ഇന്ത്യൻ ബാങ്ക്(എസ്.ഐ.ബി), ഫെഡറൽ ബാങ്ക്(എഫ്.ബി) എന്നിവയിലേതിലെങ്കിലും സ്വന്തം പേരിൽ അക്കൌണ്ട് ഉണ്ടായിരിക്കണം. എസ്.സി/ എസ്.റ്റി#ം വിഭാഗത്തിൽപ്പെടുന്നവർക്ക് ലഭിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളും, എൻ . സി. ഇ. ആർ . റ്റി. നൽകുന്ന എൻ . ടി. എസ്. ഇ. സ്കോളർഷിപ്പും, ഒറ്റപ്പെൺകുട്ടികൾക്കായുള്ള സ്കോളർഷിപ്പും ഒഴികെ മറ്റെതെങ്കിലും സ്കോളർഷിപ്പോ/ ഫീസ് ആനുകൂല്യങ്ങളോ കൈപ്പറ്റുന്നവർ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹരല്ല. ഓൺലൈൻ വഴി രജിസ്റർ ചെയ്യേണ്ട അവസാന തീയതി ഒക്ടോബർ ആറ്. രജിസ്ട്രേഷൻ പ്രിന്റൌട്ടും മറ്റ് അനുബന്ധരേഖകളും സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ ഒൻപത്. വിദ്യാർത്ഥികൾ സമർപ്പിച്ചിരിക്കുന്ന രേഖകളും രജിസ്ട്രേഷൻ പ്രിന്റ് ഔട്ടും മറ്റ് അനുബന്ധ രേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ ഒൻപത്. വിദ്യാർത്ഥികൾ സമർപ്പിച്ചിരിക്കുന്ന രേഖകളും രജിസ്ട്രേഷൻ പ്രിന്റൌട്ടും ഓൺലൈൻ വഴി സ്ഥാപന മേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ വെരിഫിക്കേഷൻ പൂർത്തിയാക്കേണ്ട അവസാന തീയതി ഒക്ടോബർ 15. സ്ഥാപന മേധാവികൾ സൂക്ഷ്മ പരിശോധയ്ക്ക് ശേഷം ഓൺലൈൻ വഴി അപേക്ഷകൾ അംഗീകരിക്കേണ്ട അവസാന തീയതി ഒക്ടോബർ 17. അംഗീകൃത അൺ എയ്ഡഡ് സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പ്രിന്റ്ഔട്ടും മറ്റ് അനുബന്ധ രേഖകളും സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസറുടെ കാര്യാലയത്തിൽ എത്തിക്കേണ്ട അവസാന തീയതി ഒക്ടോബർ 20. വിശദവിവരങ്ങൾ www.dceschloarship.kerala.gov.in വെബ്സൈറ്റിലുണ്ട്. പി.എൻ.എക്സ്.6211/12